**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2219 | 05.12.2018 ൽ മറുപടിക്ക്

**കുമാരപുരം,തിരുവാണിയൂർ പി.എച്ച്.സി.കളുടെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | കുമാരപുരം, തിരുവാണിയൂർ പി.എച്ച്.സി കൾ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ ശേഷം എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു; വ്യക്തമാക്കുമോ; | (എ) & (ബി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുമാരപുരം,തിരുവാണിയൂർ എന്നി പി.എച്ച്.സി. കളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി.രജിസ്ട്രേഷൻ കൗണ്ടറുകൾ രോഗീസൗഹൃദശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, രോഗിയുടെ സ്വകാര്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പരിശോധനമുറികൾ, കാത്തിരിപ്പുമുറികൾ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കുന്നു. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, നഴ്സുമാരുടെ പ്രീ-ചെക്കപ്പും കൗൺസിലിംഗ് സംവിധാനം, ഫാർമസി, ഇമ്മ്യൂണൈസേഷൻ മുറി, ശ്വാസ്, ആശ്വാസ് സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ ലഭ്യമാക്കുക എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | ജീവനക്കാരുടെയും ഡോക്ടർമാരുടെയും എണ്ണം എന്ത് മാത്രം വർദ്ധിപ്പിച്ചു;വെളിപ്പെടുത്തുമോ; | | |
| (സി) | ഒ.പി. സമയം നീട്ടിയിട്ടുണ്ടോ എങ്കിൽ എത്ര സമയം വരെ;വിശദവിവരം നല്കുമോ; | (സി) & (ഡി) | തിരുവാണിയൂർ, കുമാരപുരം എന്നീ പി.എച്ച്.സി.കൾ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തന സജ്ജമാകുമ്പോൾ ഈ സ്ഥാപനങ്ങളുടെ ഒ.പി.പ്രവർത്തന സമയം വൈകിട്ട് 6 മണിവരെയായി ദീർഘിക്കുന്നതാണ്. ഈ ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ 2019 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഈ അടിസ്ഥാന സൗകര്യങ്ങൾ എന്നേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ